അഭിവന്ദ്യ തട്ടിൽ പിതാവേ, ബോസ്കോ പിതാവേ, മറ്റ് അഭിവന്ദ്യ പിതാക്കന്മാരെ,

തൃശ്ശൂർ അതിരൂപതയിലെ വൈദിക കൂട്ടായ്മയിൽ നിന്നും അഭിവാദനങ്ങൾ! എറണാകുളം-അങ്കമാലി അതിരൂപതയിലെ ആറര ലക്ഷത്തോളം വരുന്ന വിശ്വാസികളെയും 450 ഓളം വരുന്ന വൈദികരെയും സീറോ മലബാർ സഭയിൽ നിന്നും (യഥാർത്ഥത്തിൽ ഈ സഭയുടെ ഔദ്യോഗിക നാമം എറണാകുളം-അങ്കമാലി ആർക്കി എപ്പിസ്കോപ്പൽ സഭ എന്നതടക്കം മറന്ന്) പുറത്താക്കാനും, നിരന്തരമായ വിഭജനത്തിന്റെയും തർക്കങ്ങളുടെയും കേന്ദ്രമാക്കാനും ലക്ഷ്യം വച്ചുകൊണ്ട് ജൂൺ 9ന് പുറത്തിറക്കിയ സർക്കുലറിന്റെയും തുടർന്ന് നടന്ന സിനഡിനു ശേഷവും അരക്ഷിതാവസ്ഥ തുടരുന്നതിന്റെയും സാഹചര്യത്തിൽ അതീവ ദുഃഖത്തോടെ നിങ്ങൾക്ക് ഒരിക്കൽ കൂടി എഴുതുകയാണ്.

ഞങ്ങളുടെ കൂട്ടായ്മയുടെ ഭാഗമായിരുന്ന, ജനാഭിമുഖ കുർബാനയുടെ ആവശ്യകതയും അർത്ഥവും ആഴവും ഒരുകാലത്ത് ഞങ്ങളെ പഠിപ്പിക്കുകയും അതിനായി വാശിയോടെ വാദിക്കുകയും ചെയ്തിരുന്ന, നിങ്ങൾ തന്നെ, സഭയുടെ നാശത്തിന് നാന്ദിയാകുന്ന എന്നതിൽ തൃശ്ശൂർ അതിരൂപതയിലെ വൈദികർ എന്ന നിലയിൽ ഞങ്ങൾ നാണിച്ച് തല താഴ്ത്തുന്നു.

ആരാധനക്രമ നവീകരണത്തിൽ അനാവശ്യമായ നിർബന്ധങ്ങൾ പാടില്ല (SC 37) എന്ന വത്തിക്കാൻ സൂനഹദോസിന്റെ ആഹ്വാനത്തെ കാറ്റിൽ പറത്തിക്കൊണ്ട് അടിച്ചേൽപ്പിച്ച ഐക്യരൂപം സിനഡിന്റെ തന്നെ എല്ലാ മാർഗ്ഗരേഖകളെയും അവഗണിച്ചുകൊണ്ടും എതിർ സ്വരങ്ങളെ അടിച്ചമർത്തിയും തമസ്കരിച്ചും നടപ്പിലാക്കാൻ ശ്രമിക്കുന്നതാണെന്ന കാര്യം നിങ്ങൾക്കെങ്കിലും പകൽപോലെ വ്യക്തമാണല്ലോ?

ഏകീകൃത രൂപത്തിനായി മാർ ആലഞ്ചേരി "ഇവിടെ വിവിധതരത്തിലുള്ള കുർബാന അർപ്പണം കണ്ട് വിശ്വാസികൾ അസ്വസ്ഥരാണ് അതിനാൽ ഞങ്ങൾക്ക് ഏകീകൃതരൂപം അനുവദിച്ചു തരണം" എന്ന് റോമിലോട്ട് എഴുതുന്നതിനു മുമ്പ് ഈ അഭിപ്രായത്തെ സാധൂകരിക്കുന്ന ഏതെങ്കിലും നിഷ്പക്ഷ അഭിപ്രായ സർവ്വേ നടന്നിരുന്നോ? ഇല്ലെങ്കിൽ അതും അധികാര ദുർവിനിയോഗം ആയിരുന്നില്ലേ?

"ഇത്തരത്തിൽ നിരന്തരവും ഐക്യകണ്ഠേനയുമുള്ള ആവശ്യത്തെ പ്രതി" എന്ന് മാർപാപ്പ മറുപടിയെഴുതുമ്പോൾ പരിശുദ്ധ പിതാവിനെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചതിന്റെ ഉത്തരവാദിത്വങ്ങൾ ആരെല്ലാം ഏറ്റെടുക്കും?

എന്നിട്ടും പരിശുദ്ധ പിതാവ് ഓർമ്മപ്പെടുത്തി 'ഐക്യരൂപം ഐക്യത്തിന് വേണ്ടിയുള്ളതാണെന്ന്'. പിതാവിന്റെ ഇന്ത്യൻ സ്ഥാനപതിയും ഓർമിപ്പിച്ചു 'ഇത് ഐക്യത്തിനു വേണ്ടിയുള്ള ആഹ്വാനമാണ് ശ്രദ്ധാപൂർവ്വം വിവേകത്തോടെ സാഹചര്യങ്ങൾ പരിഗണിച്ച് നടപ്പിലാക്കണമെന്ന്'.

ആരാധനക്രമത്തിലെ ഒരു ചെറിയ അനുഷ്ഠാന ക്രമത്തിന്റെ (Rubrics) പ്രതി ആരെയും ശിക്ഷിക്കാൻ അനുവാദമില്ല എന്നറിഞ്ഞ്, ഇത് സഭയെയും സിനഡിനെയും എതിർക്കലും അനുസരിക്കാതിരിക്കലും ആണെന്ന് വ്യാഖ്യാനിച്ച കുബുദ്ധി സിനഡിൽ ആരുടേതാണ്? ഇങ്ങനെ നുണകളെ അർദ്ധസത്യങ്ങളും പിന്നീട് സത്യങ്ങളുടെ മേൽപ്പൊടി ചേർക്കുന്ന തന്ത്രങ്ങൾക്ക് അഭിവന്ദ്യ പിതാക്കന്മാരെ സത്യാത്മാവിന്റെ വക്താക്കൾ ആകേണ്ട നിങ്ങൾ കൂട്ടുനിൽക്കാൻ പാടുണ്ടോ?

ഏകീരൂപം അടിച്ചേൽപ്പിച്ച് 34 രൂപതകളും അംഗീകരിച്ചു എന്ന് കൊട്ടിഘോഷിക്കുമ്പോഴും നിങ്ങൾക്കറിയാമല്ലോ പഴയതിനേക്കാൾ മോശം അവസ്ഥയിലാണിന്നെന്ന്. പണ്ട് ഒരു രൂപതയിലെങ്കിലും ഉണ്ടായിരുന്ന ഐക്യരൂപത്തിന് പകരം, ഇന്ന് ഓരോ ഇടവകകളിലും പല രീതികളിലാണ് അനുഷ്ഠിക്കപ്പെടുന്നത്. എന്നിട്ടും ഈ 'ഒരു രൂപത' കണക്ക് ആവർത്തിക്കാൻ ലജ്ജ തോന്നാതിരിക്കാൻ മാത്രം തൊലിക്കട്ടി ആയോ സത്യത്തിന്റെ സംരക്ഷകരാകേണ്ട നിങ്ങൾക്ക്?

ഐക്യരൂപം നടപ്പിലാക്കി എന്ന് അവകാശപ്പെടുന്ന ഈ 34 രൂപതകളിലെ വൈദീകരിൽ നിന്നും, സമർപ്പിതരിൽ നിന്നും അൽമായരിൽ നിന്നും കുർബാന അർപ്പണരീതിയെക്കുറിച്ച് സ്വതന്ത്രമായ ഒരു അഭിപ്രായ സർവ്വെ നടത്താൻ നിങ്ങൾക്ക് ഇപ്പോഴെങ്കിലും ധൈര്യമുണ്ടോ?

'ദൈവീക പ്രമാണങ്ങളെ കാറ്റിൽ പറത്തി, മാനുഷിക നിയമങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട്" ക്രിസ്തു മാർഗ്ഗത്തിന്റേതായ യാതൊരു ചൈതന്യവും ഇല്ലാതെ, കലഹത്തിന് മുറവിളി കൂട്ടുകയും കൊലവിളി നടത്തുകയും ചെയ്യുന്ന, ഏതാനും കൽദായ തീവ്രവാദികളുടെ സംഘടിതാക്രമണത്തിന്റെ കരാളഹസ്തത്തിൽ നിന്നും സീറോ മലബാർ സഭയെ രക്ഷിച്ച് ക്രിസ്തു മാർഗത്തിലേക്ക് തിരിച്ചുകൊണ്ടു വരുവാനുള്ള ആർജ്ജവം അഭിവന്ദ്യ പിതാക്കന്മാരെ ചരിത്രം നിങ്ങളെ ഏൽപ്പിക്കുന്ന ദൗത്യമാണ്.

ഇല്ലെങ്കിൽ തൃശ്ശൂർ അതിരൂപതയെ ഒറ്റിക്കൊടുക്കുകയും സീറോ മലബാർ സഭയെ വഞ്ചിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ ചരിത്രത്താളുകൾ നിങ്ങളെ ഓർക്കേണ്ടിവരുന്നത് ഞങ്ങൾക്ക് ഹൃദയഭേദകമാണ്.

വിവിധ ഓർത്തഡോക്സ് സഭകളുടെ സാമീപ്യത്തിൽ വസിക്കുന്ന തെക്കൻ രൂപതകളും ആഗോള കത്തോലിക്ക സഭയുടെ ചൈതന്യത്തിൽ വളരുന്ന മധ്യകേരള രൂപതകളും ഇവയുടെ മിശ്രിതമുള്ള വടക്കൻ രൂപതകളും വളരുന്ന സാമൂഹിക സാംസ്കാരിക മതപരമായ പശ്ചാത്തലം പരിഗണിച്ചുകൊണ്ട് ലത്തീൻ റീത്തിലെ അംബ്രോസിയൻ തുടങ്ങിയ വാരിയന്റുകളുടെ മാതൃക ഉൾകൊണ്ടുള്ള ശാശ്വത പരിഹാരങ്ങളിലേക്ക് സഭ മുന്നേറണം എന്നും, ഇന്ത്യൻ-കൽദായ-ലത്തീൻ മിശ്രിതത്തിലെ ആധുനിക മാനങ്ങൾ ഉൾക്കൊള്ളുന്ന പുതിയ രീതികൾ ആഗോള കത്തോലിക്ക സഭയ്ക്ക് സംഭാവന ചെയ്യാവുന്ന തുറന്ന ആകാശത്തിലേക്കുള്ള പ്രയാണം നടക്കട്ടെയെന്നും ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നു.

കത്തോലിക്കാ സഭ കടന്നുപോയ യൂറോപ്പിലെ ഇരുണ്ട യുഗത്തിന്റെ തനിയാവർത്തനങ്ങൾ ആകാൻ അധികാരത്തിന്റെയും അഹങ്കാരത്തിന്റെയും പിടിവാശിയുടെയും മാർഗ്ഗങ്ങൾ ഉപേക്ഷിച്ച് ഫ്രാൻസിസ് മാർപാപ്പ ഈ കഴിഞ്ഞ അഭിമുഖത്തിൽ നിങ്ങളോട് ആവശ്യപ്പെട്ടത് പോലെ ക്രിസ്തുവിന്റെ ചൈതന്യമുള്ള സഭാത്മക രീതികളിലൂടെ പ്രശ്ന പരിഹാരത്തിന് പരിശ്രമിക്കണമെന്നും പൈശാചിക തന്ത്രങ്ങളായ വിഭാഗീയതയിലേക്കും അസത്യത്തിലേക്കും വഴുതി വീഴരുതേ എന്നും അപേക്ഷിക്കുന്നു പ്രാർത്ഥിക്കുന്നു.

എറണാകുളം അങ്കമാലി അതിരൂപതയ്ക്ക് മഹറോൻ ശിക്ഷ വിധിക്കുന്ന സർക്കുലറിനെ തൃശ്ശൂർ അതിരൂപത വൈദികർ ശക്തമായി എതിർക്കുകയും അപലപിക്കുകയും ചെയ്യുന്നു.

233 വൈദികർ ഒപ്പിട്ട മെമ്മോറാണ്ടം കുർബാന തർക്കത്തിന്റെ ആരംഭത്തിൽ തന്നെ തൃശ്ശൂർ അതിരൂപത വൈദികസമിതി മേജർ ആർച്ച് ബിഷപ്പിനും സിനഡിനും സമർപ്പിച്ചിരുന്നു. ഇന്നും ജനാഭിമുഖ കുർബാന തിരിച്ചു കിട്ടുമെന്ന പ്രതീക്ഷയിൽ തന്നെയാണ് തൃശ്ശൂർ വൈദിക സമൂഹം

കാത്തിരിക്കുന്നത്. അതിനുള്ള സത്വര നടപടികൾ കൂടി സിനഡിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൃശ്ശൂർ അതിരൂപതയിലെ വൈദികർക്ക് വേണ്ടി,
ആരാധനക്രമ സംരക്ഷണ സമിതി.
21-06-2024

ഫാ. ജോൺഅയ്യങ്കാനായിൽ
(പ്രസിഡണ്ട്)

ഫാ. സേവീസ് ചക്കാലക്കൽ
(സെക്രട്ടറി)

ഫാ. ഫ്രാൻസീസ് മുട്ടത്ത്
(ട്രഷറർ)